കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെളിയങ്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.9/416/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി:09-03-2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )
മലപ്പുറം

പ്രസിഡന്റ്(സെക്രട്ടറിമുഖേന )
വെളിയങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയങ്കോട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം

അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എം.എ.5/2020

കെ.എസ്.എ.എം.പി.എം.9/416/2020 തിയ്യതി:09-03-2020

## മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.02.2019 മുതൽ 05.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ടഉദ്യോഗസ്ഥൻ : ശ്രീ.അജിത് ആർ,ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :06.02.2020 മുതൽ 18.02.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പ്രസാദ്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൽ റഷീദ് എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മൂസ.ഇ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുജിത.പി.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി പ്രേമജ സുധീർ | 01.04.2018 മുതൽ 31.08.2018 വരെ |
| ശ്രീമതി ഫൗസിയ | 01.09.2018 മുതൽ 30.09.2018 വരെ |
| ശ്രീമതി സുഹറ | 01.10.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. അനിൽ ബാബു കെ<br>സെക്രട്ടറി | 01.04.2018 മുതൽ 15.05.2018 വരെ |
| ശ്രീ.സാജൻ സി ജേക്കബ്<br>അസി.സെക്രട്ടറി<br>(സെക്രട്ടറിയുടെ അധിക ചുമതല) | 16.05.2018 മുതൽ 04.06.2018 വരെ |
| ശ്രീ. അനിൽ ബാബു കെ<br>സെക്രട്ടറി | 05.06.2018 മുതൽ 13.03.2019 വരെ |
| ശ്രീ.സുരേഷ്കുമാർ.വി.വി<br>അസി.സെക്രട്ടറി<br>(സെക്രട്ടറിയുടെ അധിക ചുമതല) | 14.03.2018 മുതൽ 30.03.2019 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | | |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സാജൻ സി ജേക്കബ് | 01.04.2018 മുതൽ 22.06.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ്കുമാർ.വി.വി. | 23.06.2018 മുതൽ 30.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സുരേഷ്.ജെ | 01.04.2018 മുതൽ 31.12.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സുമേഷ്.വി.എം | 01.01.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.നസീറ എ പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷാരിജ കെ പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി. ഫസീല ടി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അദീബ യാസിൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലെമിന വി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. സജി.കെ | 01.04.2018 മുതൽ 05.09.2018 വരെ |
| | ശ്രീ. ദിലീപ് കുമാർ | 06.09.2018മുതൽ 21.09.2018 വരെ |
| വി.ഇ.ഒ | ജയേഷ് കെ കുന്നത്ത് | 22.09.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനൂപ് വി എ | 01.04.2018 മുതൽ 19.07.2018 വരെ |
| | ഒഴിവ് | 20.07.18 മുതൽ 10.10.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ദിവ്യ ഡേവീസ് | 11.10.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വ്യക്തിഗത സ്വയംതൊഴിൽ സംരഭങ്ങൾക്ക് ധനസഹായം- അപാകതകൾ | 1-12 |
| 13 | വനിതകൾക്ക് കറവപശു വളർത്തൽ അപാകതകൾ | 1-13 |
| 14 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-14 |
| 15 | ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പ്രൊജക്ടുകൾ- പൊതു അപാകതകൾ | 1-15 |
| 16 | ഔദ്യോഗിക രശീതികൾ ഹാജരാക്കേണ്ടതാണ് | 1-16 |
| 17 | അഗതിരഹിത കേരളം(ആശ്രയ പദ്ധതി) വിനയോഗിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ്. | 1-17 |
| 18 | പദ്ധതി യഥാസമയം നടപ്പിലാക്കിയില്ല – പ്ലാൻ വിഹിതം 35.57ലക്ഷം രൂപ ലാപ്സായി | 1-18 |
| 19 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - പ്രോൽസാഹിപ്പിക്കേണ്ടതാണ്. | 1-19 |
| 20 | അളവ് പുസ്തകത്തിൽ തെറ്റായ വിവരം രേഖപ്പെടുത്തി - കരാറുകാരന് അധിക തുക നൽകി. | 1-20 |
| 21 | ജി.എസ്.ടി - 2% തുക കുറവ് ചെയ്തില്ല | 1-21 |
| 22 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അംഗീകൃത പാടശേഖര സമിതികൾക്ക് പെട്ടിപ്പറയുള്ള മോട്ടോർ നല്കൽ-396952/-രൂപ തടസ്സം ചെയ്യുന്നു. | 1-22 |
| 23 | സമഗ്ര തെങ്ങുകൃഷി വികസനം-അപാകതകൾ- 25620/-രൂപ തടസ്സം ചെയ്യുന്നു. | 1-23 |
| 24 | ഫലവൃക്ഷത്തൈ വിതരണം-ഗുണഭോക്താക്കളുടെ അപേക്ഷ ലഭ്യമല്ല. | 1-24 |
| 25 | സമഗ്ര നെൽകൃഷി വികസനം-അപാകതകൾ- | 1-25 |
| 26 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-26 |
| 27 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കൽ- ക്യാമ്പിൽ പങ്കെടുത്ത മെഡിക്കൽ ഓഫീസർമാർക്ക് ഹോണറേറിയമായി 19000/-രൂപ നല്കിയത് തടസ്സപ്പെടുത്തുന്നു. | 1-27 |
| | ഭാഗം-2 | |

| | | |
|---|---|---|
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| 28 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 29 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 36 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| അനുബന്ധം-2 | വാർഷിക ധനകാര്യപത്രിക (സംക്ഷിപ്തം)<br>1. ഇൻകം ആൻറ് എക്സ്പെന്റീച്ചർ<br>2. റസീറ്റ് ആന്റ് പെയ്മെന്റ്<br>3. ബാലൻസ് ഷീറ്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 26-03-2018 പാസ്സാക്കി.

13.01.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം റിവൈസ് ചെയ്തു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2019 | 15-05-2019 | ---- | |

# 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2018-19) |
|---|---|
| മുന്നിരിപ്പ് | 12750791 |
| വരവ് | 86093739 |
| ആകെ | 98844530 |
| ചെലവ് | 79969802 |
| നീക്കിയിരിപ്പ് | 18874728 |

.

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 127303640 | 82 | 60504832 | 27 | 28 | 54.36% |

<u>പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ</u>

ഇല്ല

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 00 | 18963000 | 18963000 | 17756964 | 1206036 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 1262000 | 1262000 | 1260384 | 1616 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 53334 | 53334 | 00 | 53334 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 6771000 | 6771000 | 6702684 | 68316 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 00 | 3930000 | 3930000 | 3889675 | 40325 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് | 00 | 8801000 | 8801000 | 6559849 | 2241151 |
| ജനറൽ പർപ്പസ് ഫണ്ട് | 7000 | 11817890 | 11824890 | 11824890 | 00 |
| കെ.എൽ.എസ്.ജി.ഡി.പി | 00 | 00 | 00 | 00 | 00 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 00 | 00 | 00 | 00 | 00 |
| SBI OWN FUND (Current Acctount) | 593869 | 206913 | 800782 | 401283 | 399499 |
| ASCB OWN FUND | 4483840 | 7018007 | 11501847 | 9181987 | 2319860 |
| Treasury TSB | 4697816 | 28132779 | 32830595 | 20178853 | 12651742 |
| SBI KURDFC | 0 | 14071432 | 14071432 | 14070222 | 1210 |
| എം.എൻ ലക്ഷംവീട് PNB 719 | 109962 | 4875 | 114837 | 976 | 113861 |
| PNB PLAN 201584 | 1699477 | 819749 | 2519226 | 25 | 2519201 |
| ദുരിതാശ്വാസ നിധി | 9884 | 1234 | 11118 | 0 | 11118 |
| MGNREGS | 269282 | 556276<br>16000 | 841558 | 748603<br>16000 | 76955 |
| Total Sanitation Campaign | 00 | 180000 | 180000 | 180000 | 00 |
| ICDS | 2978601 | 926525 | 3905126 | 697800 | 3207326 |
| PYCKA | 655102 | 23231 | 678333 | 00 | 678333 |
| ബി.ഫണ്ട് | 00 | 45426540 | 45426540 | 45426540 | 00 |

..

# 1-6 വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69840 | 53 |
| കർഷകതൊഴിലാളി വേതനം | 5473400 | 429 |
| വിധവാപെൻഷൻ | 13078900 | 1171 |
| വാർദ്ധക്യകാലപെൻഷൻ | 20475400 | 2081 |
| വികലാംഗപെൻഷൻ | 5456900 | 465 |
| വിവാഹ ധനസഹായം | 180000 | 12 |
| നെൽകൃഷി-ഉത്പാദന ബോണസ് | 78500 | 106 |
| 50 വയസ്സിനു മുകളിൽ.....സഹായം | 613600 | 70 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 269282 | 556276 | | 748603 | |
| സംസ്ഥാന വിഹിതം | 0 | 16000 | 23473479 | 16000 | 76955 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 22631921 | | 22631921 | |

# 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,826/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1.വിവിധ പദ്ധതികളുടെ പൂർത്തീകരണം പഞ്ചായത്ത് വിലയിരുത്തുന്നില്ല.

2. വാർഡ് നം. 2, 10, 12 എന്നീ ഗ്രാമ സഭകളുടെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

3. വാർഡ് നം.8 താഴത്തേൽ പടി വാർഡ് 25.02.18, 10.11.18 എന്നീ രണ്ടു പൊതു ഗ്രാമ സഭയും ഒരു തൊഴിലാളി ഗ്രാമ സഭയും മാത്രമേ ചേർന്നട്ടുള്ളത്(തിയ്യതി രേഖപ്പെടുത്തിയിട്ടില്ല 43 പേർ പങ്കെടുത്തു)

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.01.2020 | 12/2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.07.2006 മുതൽ 29.07.2006 വരെ | 1997-98 മുതൽ 2005-06 വരെ | 26.09.2006 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്കിലെ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പുള്ള സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

2. പഞ്ചാബ് നാഷനൽ ബാങ്കിലെ 201584 ( പ്ലാൻ), 214719 ( എം.എൻ ലക്ഷം വീട്) എന്നീ അക്കൗണ്ടുകളുടെ റീകൺസിലിയെഷൻ പത്രികകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. കാലാവധി കഴിഞ്ഞ ചെക്കുകൾ പൂർണ്ണമായും Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. 2017-18 വാർഷിക കണക്കുകൾ പ്രകാരമുള്ള 6636 രൂപ കാലികമാക്കാതെ 2018-19 ലും നിലനിർത്തിയതായി കാണുന്നു

2018-19 ലെ ബാങ്ക് ബുക്കുകൾ പ്രകാരം താഴെ പറയും പ്രകാരം stale cheque ഉണ്ട്

| Cheque No | Amt | Account |
|---|---|---|
| 26451/28-3-18 | 9000 | അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക് |
| 27161/25-10-17 | 265 | |
| 25418/20-7-17 | 2150 | |
| 22685/7-1-17 | 449 | |
| 27500/29-9-17 | 9840 | |
| 20500/9-9-16 | 1431 | |
| | | |

| | | |
|---|---|---|
| 13862/9-9-16 | 190 | |
| 8250/28-5-16 | 1000 | |
| 27017/29-3-17 | 3552 | |
| ,, | 1300 | |
| ,, | 418 | |
| 25415/18-7-17 | 2000 | |
| 25418/20-7-17 | 7740 | |
| 26361/30-8-18 | 853 | |
| 1652353/13-11-18 | 3,60,000 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് |

4. വസ്തു നികുതിയിനത്തിൽ 2017-18 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി -15 പ്രകാരമുള്ള തുകയും 2018 -19 വർഷത്തെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭിച്ച ഡി.സി.ബിയിലെ കുടിശ്ശിക തുകയും തമ്മിൽ വ്യത്യാസം ഉണ്ട്. ഡാറ്റാ ഡ്യൂപ്ലിക്കേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വസ്തു നികുതി കണക്കാക്കിയതിൽ കൃത്യതയില്ല.

5. സ്ഥാപനത്തിലെ ആസ്തികളുടെ 2018-19 വർഷത്തെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. I-17(a) ഷെഡ്യൂൾ ഇല്ല. ബാലൻസ് ഷീറ്റിൽ 2017-18 ലെ ഡിപ്രീസിയേഷൻ തുകകൾ നിലനിർത്തിയിരിക്കുന്നു.

6. ഐ.സി.ഡി.എസ് സൂപ്പർവൈസർ,വി.ഇ.ഒ,ഹെഡ് മിസ്ട്രസ്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള വരവ് ചെലവുകൾ ടി.ആർ 7 എ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

7.ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-3 പ്രകാരം Capital Contribution 38,064,192 രൂപയാണ്.മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാത്തതിനാൽ ഈ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

9.പിരിഞ്ഞ് കിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ വച്ചിട്ടില്ല.

10. 2017-18വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.
11. ജി.പി.ഫണ്ട്-എ.സി.ആർ.- എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

# 1-12 വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം-അപാകതകൾ

<u>ലഭിച്ച വായ്പതുക സംരഭങ്ങൾക്ക് പൂർണ്ണമായി വിനിയോഗിച്ചതായി പരിശോധനയിൽ വ്യക്തമായില്ല-സമഗ്രമായ അന്വേഷണം നടത്തേണ്ടതാണ്.</u>

വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും ധനസഹായം നല്കാനാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രോജക്ട് നം. 23/18-19 പ്രകാരം വനിതകൾക്ക് വ്യക്തിഗത തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് 50000/-രൂപ ബാങ്ക് വായ്പ നല്കാനും ഈ വായ്പയിൽ ബാക്ക് എൻഡഡ് സബ്സിഡിയായി 25000/-രൂപ അനുവദിക്കാനും വിഭാവനം

ചെയ്യുന്നു. ഗുണഭോക്തൃലിസ്റ്റിൽപ്പെട്ട 6 വനിതകൾക്ക് 18-19 സാമ്പത്തിക വർഷം സാമ്പത്തിക സഹായം നല്കാൻ പദ്ധതി ഉദ്ദേശിക്കുന്നു. പദ്ധതിയുടെ വിശദ വിവരം താഴെ നല്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 23/18-19 |
| പ്രോജക്ടിന്റെ പേര് | വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | 900000/- |
| ചെലവഴിച്ച തുക | 150000/-വികസന ഫണ്ട്)<br>50000/-<br>(Try.Bill No. 14/18-19 dated 21.03.19)<br>100000/-<br>(Try.Bill No. 15/18-19 dated 28.03.19) |

മേൽ പ്രോജക്റ്റ് പ്രകാരം (1)ശ്രീമതി സുമിത സുരേഷ്, (ടൈലറിഗ്) (2)ശ്രീമതി സുമ(പലഹാരം) (3)ശ്രീമതി സാബിറ ആലുങ്കൽ,(ടൈലറിഗ്) (4)ശ്രീമതി മിസ്റിയ,(ടൈലറിഗ്) (5)ശ്രീമതി അസ്മാബി, (ടൈലറിഗ്) (6) ശ്രീമതി ഷീന കുറുവങ്ങാട്(ടൈലറിഗ്) എന്നീ 6 വ്യക്തികളെ ബാക്ക് എന്റ് ധനസഹായമായി 25000/-രൂപ നല്കുന്നതിനായി ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്തിട്ടുണ്ട്.

<u>പദ്ധതിയിലെ അപാകതകൾ</u>

മേൽ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയുന്നതിനായി ശ്രീമതി സുമ.കെ, ശ്രീമതി. ഷീന.കെ എന്നീ 2 ഗുണഭോക്താക്കളുടെ സംരഭങ്ങൾ വി.ഇ.ഒയുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീമംഗങ്ങൾ പ്രാദേശിക പരിശോധന പരിശോധിക്കുകയുണ്ടായി. ശ്രീമതി സുമ.കെ.യുടെ പലഹാര യൂണിറ്റ് അവർ താമസിച്ചിരുന്ന വീടിന് തൊട്ടരികെ ഒരു ചെറിയ ഓലകുടിലാണ് നടത്തിവരുന്നത്. പലഹാര നിർമ്മാണ മുറിയുടെ സൗകര്യകുറവുകൊണ്ടാണ് തൊട്ടടുത്ത ഓലകുടിലിൽ പലഹാരം നിർമ്മിക്കുന്നതെന്ന് ഗുണഭോക്താവ് പറയുകയുണ്ടായി. മേൽ പ്രോജക്ടിന് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ അനുവാദം ലഭിച്ചതായി കാണുന്നില്ല. പലഹാരകട നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയതിന്റെ സാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായില്ല.

ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത ഷീന.കെയ്ക്ക് ടൈലറിംഗ് & റെഡിമെയ്ഡ് ഷോപ്പ് നടത്തുന്നതിനാണ് ധനസഹായം അനുവദിച്ചത്. മേൽ സംരംഭം പരിശോധിച്ചതിൽ ഒരു പഴയ തയ്യൽ മെഷീനും ഏതാനും മാക്സികളും ചുരിദാറും മാത്രമാണ് കാണാൻ സാധിച്ചത്. അന്വേഷണത്തിൽ നിർമ്മിച്ച ചുരിദാറും മാക്സികളും വില്പന ചെയ്യുവാൻ കടകളിലേക്ക് കൊണ്ടുപോയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി.

വായ്പയായി ലഭിച്ച തുക സംരംഭത്തിന് പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല എന്നാണ് പ്രാദേശിക പരിശോധനയിൽ വ്യക്തമാവുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നല്കാൻ ഉദ്ദേശിച്ച നടപ്പിലാക്കിയ പദ്ധതിക്ക് ലക്ഷ്യം കൈവരിക്കാൻ കഴിയുമോ എന്ന് സംശായാസ്പതമാണ്. ധനസഹായം ലഭിക്കുന്നതിനു വേണ്ടി ഏതാനും സംരംഭങ്ങൾ ആരംഭിക്കുകയാണ് ചെയ്തതെന്നാണ് പ്രാദേശിക പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. മേൽ പ്രോജക്റ്റിനെ കുറിച്ച് പഞ്ചായത്ത് സമഗ്രമായി അന്വേഷിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വനിതകൾക്ക് കറവ പശു വളർത്തൽ - അപാകതകൾ

വനിതകൾക്ക് സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള പശുക്കളെ വാങ്ങുവാൻ 50% സബ്സിഡി നിരക്കിൽ പരമാവധി 25000/-രൂപ നൽകുവാനാണ് പ്രോജക്ട് നടപ്പാക്കിയത്.

| | |
|---|---|
| പ്രൊജക്ട് നം. | SO 120/19 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് കറവ പശു വളർത്തൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ആകെ അടങ്കൽ | 9ലക്ഷം രൂപ |
| ചെലവഴിച്ച തുക | 4.5 ലക്ഷം രൂപ<br>(Try.Bill No.P1/18-19 dated 28.05.18 |

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മേൽ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയുന്നതിനായി വെറ്റിനറി സർജന്റേയും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടേയും സാന്നിദ്ധ്യത്തിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളായ ശ്രീമതി. ലത കുറ്റ്യേരി, ശ്രീമതി.സംഗീത കൊളത്താട്ടിൽ, ശ്രീമതി.സൗമിനി മഞ്ചേരി, ശ്രീമതി.ഫാത്തിമ മാക്കാലിക്കൽ,ശ്രീമതി.മണി അറുമുഖൻ ആലങ്ങാട്ട്, ശ്രീമതി.ചിന്നു രാഘവൻ മൂക്കഞ്ചേൽ, ശ്രീമതി.ആമിന പുളിയന്തറക്കൽ, ശ്രീമതി.മണി കല്ലാട്ട് എന്നിവരുടെ വീടുകൾ സന്ദർശിച്ചു. ശ്രീമതി.സംഗീത കൊളത്താട്ടിൽ എന്ന ഗുണഭോക്താവിന്റെ സംരക്ഷണത്തിൽ മാത്രമാണ് ധനസഹായം ഉപയോഗപ്പെടുത്തി വാങ്ങിയ പശുവിനെ കാണാനായത്. ബാക്കി ഗുണഭോക്താക്കളുടെ കൈവശം പദ്ധതി പ്രകാരം ലഭ്യമായ പശുക്കളെ കാണാൻ സാധിച്ചില്ല. അന്വേഷണത്തിൽ മേൽ ഗുണഭോക്താക്കൾ പശുവിനെ കൈമാറ്റം ചെയ്തതായി പറഞ്ഞു.

ജി.ഒ.(എം.എസ്)22/18/ത.സ്വ.ഭ.വ തിയ്യതി 14.02.18 സബ്സിഡി മാർഗ്ഗരേഖ പ്രകാരവും ഗുണഭോക്താക്കൾ ഏർപ്പെട്ട കരാർ പ്രകാരവും 3 വർഷ കാലയളവിൽ പശുക്കളെ വിൽക്കുകയോ കൈമാറുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുകയില്ലായെന്നും ശാസ്ത്രീയമായി പരിപാലിച്ചുകൊള്ളാമെന്നും ഉറപ്പു നല്കിയിട്ടുമുണ്ട്.

സബ്സിഡി മാർഗ്ഗരേഖയ്ക്കും കരാറിനും വിരുദ്ധമായി പശുക്കളെ ഗുണഭോക്താക്കൾ വില്പന നടത്തിയതിന് സമഗ്രമായ അന്വേഷണം നടത്തുകയും കരാർ വ്യവസ്ഥക്ക് വിരുദ്ധമായി ഗുണഭോക്താക്കൾ പ്രവർത്തിച്ചതായി കണ്ടെത്തിയാൽ കരാർ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

താഴെ പറയും പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്.

1.കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ- വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്.

പ്രൊജക്റ്റ് SO028/19

ട്രഷറി ബിൽ 15/13.11.18 – 20,20,000 രൂപ.( ധനകാര്യ കമ്മീഷൻ അവാർഡ് തുക)

ഗ്രാമ പഞ്ചായത്തിലെ 4,5,6,12,13,15,17 വാർഡുകളിലെ കുടിവെള്ള ടാപ്പുകൾ നീട്ടി സ്ഥാപിക്കുന്നതിന് 20.20 ലക്ഷം രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിന് വാട്ടർ അതോറിട്ടിയോട് 18.9.18 ലെ 4(2) നമ്പർ തീരുമാനപ്രകാരം 24.9.18 ലെ എ2- 4126/18 നമ്പർ കത്ത് പ്രകാരം സെക്രട്ടറി അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 7.11.18 ലെ No: Deposit/General കത്തിൽ കേരള വാട്ടർ അതോറിട്ടി ,പബ്ലിക് ഹെൽത്ത് സെക്ഷൻ, പൊന്നാനി അസി. എഞ്ചിനീയർ 20.20 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി വാട്ടർ അതോറിട്ടിക്ക് തുക ഡെപ്പോസിറ്റ് നൽകുകയും ചെയ്തു. 2020- 21 ൽ പൂർത്തിയാകുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് കമ്മീഷൻ ചെയ്താൽ മാത്രമേ വേനൽ കാലത്ത് കുടിവെള്ള ലഭ്യത കുറവുള്ള മേൽ പ്രദേശങ്ങളിൽ പ്രയോജനപ്പെടുകയുള്ളൂ എന്നും വാട്ടർ അതോറിട്ടി നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തിയ്യതി: 29.01.2018 ഖണ്ഡിക.11.2 (ഡി)(ii) പ്രകാരം കേരള ജല അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകേണ്ടതാണ്. ഇത്തരം പ്രൊജക്റ്റുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല.എന്നാൽ തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. ഇക്കാര്യത്തിൽ താഴെ പറയുന്നകാര്യങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

i. പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികളുടെ പുരോഗതി/ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

ii.2020- 21 ൽ പൂർത്തിയാകുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് കമ്മീഷൻ ചെയ്താൽ മാത്രമേ വേനൽ കാലത്ത് കുടിവെള്ള ലഭ്യത കുറവുള്ള മേൽ പ്രദേശങ്ങളിൽ പ്രയോജനപ്പെടുകയുള്ളൂ എന്നും വാട്ടർ അതോറിട്ടി നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്ലാന്റിന്റെ നിർമ്മാണ- കമ്മീഷൻ വിവരങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

iii. കേരള ജല അതോറിട്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതിസംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

iv. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി ഏർപ്പെട്ട കരാർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2.സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ
പ്രൊജക്റ്റ് SO131/19
ട്രഷറി ബിൽ 11/19.7.18 – 3,30,290 രൂപ.
ട്രഷറി ബിൽ 33/27.2.19 – 15,422 രൂപ.
ആകെ 3,45,712( ധനകാര്യ കമ്മീഷൻ അവാർഡ് തുക)
പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-15 ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പ്രൊജക്ടുകൾ- പൊതു അപാകതകൾ

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 8 പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. 9.67 ലക്ഷം രൂപയുടെ അടങ്കലിൽ 9.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നിർവ്വഹണത്തിലെ പൊതു അപാകതകൾ താഴെ പറയുന്നു.

1. മോണിട്ടറിങ് റിപ്പോർട്ടുകൾ ഇല്ല.

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ29.1.18 ഉത്തരവ് ഖ: 13.1 പ്രകാരം പ്രൊജക്റ്റ് മോണിട്ടറിങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്.അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം.മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള മോണിട്ടറിങ് രേഖകൾ ഇല്ല.

2. SO 43/19 സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.പി , യു.പി വിദ്യാർത്ഥികൾക്കായി യോഗ പരിശീലനം നടത്തിയതിന് പരിശീലകർക്ക് പ്രതിഫലമായി ആകെ 95,000 രൂപ നൽകിയിട്ടുണ്ട്. സ.ഉ. (സാധാ) നം. 3190/17,ത.സ്വ.ഭ.വ, തീയ്യതി 3-10-2017പ്രകാരം യോഗപരിശീലനം നടത്തുന്നതിന് പ്രതിദിനം 400രൂ. പ്രകാരം മാസത്തിൽ പരമാവധി 12000രൂ. ആണ് പരിശീലകർക്ക് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പരിശീലകർക്ക് നൽകിയ പ്രതിഫലം ക്ലാസ് എടുത്ത സെഷനുകൾക്ക് ആനുപാതികമാണ് എന്നതിന് ഹാജർ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം പരിശീലകന്റെ വിദ്യാഭ്യാസ യോഗ്യതയായി BNYS(Bachelor in Naturopathy and Yoga Science) ആണ് നിഷ്കർഷിച്ചിട്ടുള്ളത്. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യ യോഗ്യത/യോഗ അസോസിയേഷൻ/സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ളവരെയും പരിശീലകരായി നിശ്ചയിക്കാം.എന്നാൽ പരിശീലകരായി നിയമിക്കപ്പെട്ടവർ ഹാജരാക്കിയ യോഗ്യതാ സർട്ടിഫിക്കറ്റുകൾ നിശ്ചിത യോഗ്യതക്ക് തുല്യമാണോ എന്നും അംഗീകരിക്കപ്പെട്ട മറ്റ് യോഗ്യതകളിൽ ഉൾപ്പെടുമോ എന്നും ഫയലിൽ വ്യക്തമാക്കിയിട്ടില്ല. കുട്ടികൾക്ക് യോഗാ പരിശീലനം ആയുഷുമായി ചേർന്നാണ് നൽകേണ്ടത്. എന്നാൽ അപ്രകാരം ആയുഷുമായി ചേർന്ന് നടത്തിയതായുള്ള രേഖകൾ ഇല്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 20/17-02-2020 നമ്പർ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 95000/-രൂപ തടസ്സം ചെയ്യുന്നു.

3. പ്രൊജക്റ്റ് S0041/19 ഗവ. പ്രൈമറി സ്കൂളുകളിൽ കംപ്യൂട്ടർ പഠനത്തിന് ആവശ്യമായ കംപ്യൂട്ടറും ലാപ്ടോപ്പും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയിൽ

കെൽട്രോണിൽ നിന്നും ലാപ്ടോപ്പും അനുബന്ധഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.(ചെലവ് 1,99,595 ( മെയിന്റനൻസ് ഫണ്ട് റോഡിതരം) ട്രഷറി ബിൽ 10/19.2.19) ലഭ്യമായ ലാപ്ടോപ്പുകൾ നിശ്ചിത സ്പെസിഫിക്കേഷൻ ഉള്ളതാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതായി കാണുന്നില്ല. അന്വേഷണ കുറിപ്പ് 7/12-02-2020ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 199595/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-16 ഔദ്യോഗിക രശീതികൾ ഹാജരാക്കേണ്ടതാണ്

1.ലൈബ്രറി സെസ്സ് അടവാക്കിയത് .

ചെക്ക് നമ്പർ 1883678/14.1.19,(വൗച്ചർ 21800718 /14.1.19 ) ആയി 2,62,495 രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സീനിയർ ഫിനാൻസ് ഓഫീസറുടെ 11.4.18 ലെ എ3-3098/18 അപേക്ഷ പ്രകാരം A/C 57037147224 IFSC SBIN 0070028 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനായി ടി.എസ്.ബി അക്കൗണ്ടിൽ നിന്നും മാറിയിട്ടുണ്ട്. ടി തുക പ്രസ്തുത സ്ഥാപനത്തിന് ലഭ്യമായതിന് രശീതി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. രശീതി ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

2 . മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന 2 ലക്ഷം രൂപ

ജി.ഒ (ആർ.ടി) 2310/18 ത.സ്വ.ഭ.വ23.8.18 ഉത്തരവിലെ നിർദ്ദേശ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനായി (ചെക്ക് നമ്പർ 2105196/11.9.18) 2 ലക്ഷം രൂപ പിൻവലിച്ചിട്ടുണ്ട്. ചെക്ക് മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടെന്ന ബഹു. നിയമസഭാ സ്പീക്കറുടെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കുള്ള ഒരു കത്ത് ആണ് കൈപ്പറ്റായി ഹാജരാക്കിയിട്ടുള്ളത്. പണം ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചതിന് ഔദ്യോഗിക രശീതി ലഭ്യമാക്കേണ്ടതാണ്. (വൗച്ചർ 21800406 /13.9.18 - 2,00,000 രൂപ).

# 1-17 അഗതിരഹിത കേരളം(ആശ്രയ പദ്ധതി) വിനയോഗിക്കാത്ത തുക തിരിച്ചടവാക്കേണ്ടതാണ്.

അഗതി രഹിത സർവ്വേയിൽ ഉൾപ്പെട്ടവർക്കുള്ള ധനസഹായം കുടുംബശ്രീ മുഖേന നല്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. പ്രോജക്ടിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 25/- 18-19 |
| പ്രോജക്ടിന്റെ പേര് | അഗതിരഹിത കേരളം (ആശ്രയ പദ്ധതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 200000/- |
| ചെയർപേഴ്സന് നല്കിയ തുക | 200000/-(വികസന ഫണ്ട്)<br>(Try.Bill No. 8/18-19 dated 18.12.2018) |

ചെയർപേഴ്സൺ, കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി(സി.ഡി.എസ്) 18.12.2018ലെ വൗച്ചർ (വൗച്ചർ നമ്പർ ഇല്ല) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്കായി 200000/-രൂപ 18.12.2018ന് കൈപ്പറ്റിയതായി കാണുന്നുണ്ട്(അക്കൗണ്ട് നം. 1424101056746, കനറാ ബാങ്ക്, പെരുമ്പടപ്പ് ശാഖ) എന്നാൽ മേൽ പ്രോജക്ടിന്റെ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ വി.ഇ.ഒയോട്

ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടതിന് വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് സി.ഡി.എസ്സിന് 2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ.മുഖേന ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി ലഭിച്ച 200000/- രൂപ പദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിയ്ക്കാൻ സാധിച്ചില്ല എന്ന് വി.ഇ.ഒ മുഖേന സി.ഡി.എസ്. ചെയർപേഴ്സൺ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

പദ്ധതിയ്ക്ക് ലഭിച്ച 200000/-രൂപ ഇതുവരേയും ചെലവഴിയ്ക്കാത്തതിനാൽ പ്രസ്തുത തുക ചെലവഴിക്കുകയോ അല്ലാത്ത പക്ഷം സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 പദ്ധതി യഥാസമയം നടപ്പിലാക്കിയില്ല - പ്ലാൻ വിഹിതം 35.57 ലക്ഷം രൂപ ലാപ്സായി

ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 3.97 കോടി രൂപയിൽ 35.57 ലക്ഷം രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനും, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് സർക്കാർ ധനസഹായമായി ബഡ്ജറ്റിൽ നിർദ്ദേശിച്ച പ്രകാരം ആകെ 3,97,27,000 രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 3,61,69,556കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ഓഡിറ്റ് വർഷത്തെ പ്രൊജക്ടുകൾ 2018 ഫെബ്രുവരി മാസത്തിൽ തന്നെ തയ്യാറാക്കി അംഗീകാരം വാങ്ങിക്കുകയും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിച്ചതുമാണ്. എന്നിട്ടും പദ്ധതികൾ പലതും പൂർത്തീകരിക്കാൻ കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതി നിർവ്വഹണത്തിൽ സ്റ്റാന്റിങ് കമ്മിറ്റികളും വർക്കിങ് ഗ്രൂപ്പുകളുമൊന്നും മേൽ നോട്ടം വഹിക്കുകയോ, ഫലപ്രദമായി ഇടപെടുകയോ ചെയ്യുന്നില്ല എന്നും ഇതിൽ നിന്ന് വ്യക്തമാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. മുൻ വർഷവും ഇത്തരത്തിൽ ഒരു കോടിയിലധികം രൂപ ലാപ്സായി എന്നത് ഗ്രാമ പഞ്ചായത്ത് ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല എന്നതിന് തെളിവാണ്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ഉൾപ്പെടെ ആക വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 18963000 | 17756964 | 1206036 |
| വികസനഫണ്ട് എസ്.സി.പി. | 1262000 | 1260384 | 1616 |
| സംരക്ഷണഗ്രാന്റ് റോഡ് | 6771000 | 6702684 | 68316 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 3930000 | 3889675 | 40325 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8801000 | 6559849 | 2241151 |
| ആകെ | 39727000 | 36169556 | 3557444 |

# 1-19 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - പ്രോൽസാഹിപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ 2018-19വർഷത്തിൽ വിവിധ റോഡ്/പാത്‌വേ കോൺക്രീറ്റ് പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കരാറുകാർ/ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്നതിനേക്കാൾ വളരെ ചെലവ് കുറച്ച് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന കഴിയുന്നുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന 'Price' software ലെ നിരക്കിനേക്കാൾ താരതമ്യേന കുറഞ്ഞ നിരക്കായതിനാലാണ് ഇപ്രകാരം കുറഞ്ഞ തുകക്ക് MGNREGS വിഭാഗത്തിന് പ്രവൃത്തി ചെയ്യാൻ കഴിയുന്നത്.

റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് വേണ്ടി വരുന്ന പ്രധാന ഇനങ്ങളും അവയുടെ നിരക്ക് വ്യത്യാസവും ചുവടെ ചേർക്കുന്നു.

| ഇനം | കരാറുകാർ മുഖേന | NREGS മുഖേന | 1 $m^3$ അധികം |
|---|---|---|---|
| ക്വാറിമക്ക് നിരത്തൽ | 891.95/cum | 412.92cum | 479.03 |
| 40Mm മെറ്റൽ (ഗ്രൈഡഡ് സ്റ്റോൺ) ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 7373.94cum | 6076.53/cum | 1297.41 |

കരാറുകാർ മുഖേന (എസ്റ്റിമേറ്റ് നിരക്ക്) ചെയ്ത ഒരു പ്രവൃത്തിക്ക് നൽകിയ തുകയും അതേ പ്രവൃത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുകയുടെ വ്യത്യാസവും ചുവടെ ചേർക്കുന്നു.

പ്രവൃത്തി:- പൂക്കൈത അമ്പലം റോഡ് കോൺക്രീറ്റിങ് (47/19) – നീളം. 90.7 M

| ഇനം | അളവ് | നൽകിയ | MGNREGS നിരക്ക് | വ്യത്യാസം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തുക | പ്രകാരം തുക | |
| ക്വാറിമക്ക് നിരത്തൽ | 21.95m3 | 19578<br>@891.95 | 9064<br>@412.92 | 10514 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 32.92m3 | 242750<br>@7373.94 | 200039<br>@6076.53 | 42711 |
| ആകെ | | | | 53225 |

നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന ലാഭം മേൽ കാണിച്ച താരതമ്യത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ തൊഴിലുറപ്പു മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും , ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനത്തിനും ഇത് വഴി സാധിക്കും.

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ നടപ്പിലാക്കിയതിൽ 33 പ്രവൃത്തികൾ റോഡ് കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. അവയിൽ ഭൂരിഭാഗവും എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ ചെയ്തിട്ടുള്ളത്.

കോൺക്രീറ്റ് പ്രവൃത്തികൾ ഓരോ വർഷവും വർദ്ധിച്ചു വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കാൻ ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 1-20 അളവ് പുസ്തകത്തിൽ തെറ്റായ വിവരം രേഖപ്പെടുത്തി - കരാറുകാരന് അധിക തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ PHC നവീകരണം എന്ന പ്രവൃത്തിയുടെ എക്സ്ട്ര ഇനം 3 ആയി ചുമരിൽ വാൾ ടൈൽ പതിക്കൽ എന്ന പ്രവൃത്തി 17.99$m^2$ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 13.2.2020 ന് പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചപ്പോൾ പ്രസ്തുത പ്രവൃത്തി 11.99$m^2$ മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് മനസ്സിലായി. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 17/14.2.2020 നൽകിയതിനെ തുടർന്ന് 119030105926/29-02-2010 രസീത് പ്രകാരം 6265/-രൂപ തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയുണ്ടായി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

# 1-21 ജി.എസ്.ടി - 2% തുക കുറവ് ചെയ്തില്ല

2.5ലക്ഷം രൂപയിൽ അധികമുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുമ്പോൾ 1.10.2018 മുതൽ 2% തുക GST ഇനത്തിൽ കുറവ് ചെയ്യേണ്ടതാണെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശമുള്ളതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ 2% തുക കുറവ് ചെയ്യാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ടിയിരുന്ന GST |
|---|---|
| സുബൈർ സ്മാരക ചക്കൻ തെങ്ങ് പാത്‌വേ (64/19) | 6398 |

| | |
|---|---|
| ബിൽ 14/16.11.2018 തുക 319889 അളവ് പുസ്തകം 6/18-19<br><br>കരാറുകാരൻ. ശ്രീ.O ഖാലിദ് | |
| ചിറ്റൂർക്കാട് റോഡ് കോൺക്രീറ്റ് (60/19)<br><br>ബിൽ 21/24.11.18 തുക 495000 അളവ് പുസ്തകം 17/17-18<br><br>കരാറുകാരൻ. ശ്രീ.പി,പി.നൗഷാദ് | 9900 |
| മെയിന്റനൻസ് ഓഫ് എൽ.പി.യു.പി സ്കൂൾ (138/19)<br><br>ബിൽ 20/24.11.18 തുക 314224 അളവ് പുസ്തകം 15/18-19<br><br>കരാറുകാരൻ. ശ്രീ.ശിവദാസൻ. E. | 6284 |
| എം.എം മദ്രസ്സ റോഡ് കോൺക്രീറ്റ് (63/19)<br><br>ബിൽ 17/24.11.18 തുക 299991 അളവ് പുസ്തകം 13/18-19<br><br>കരാറുകാരൻ. ശ്രീ.ഇ.ഉണ്ണികൃഷ്ണൻ | 6000 |
| പ്രൈമറി സ്കൂളുകളുടെ നവീകരണം (81/19)<br><br>ബിൽ 24/11.12.18 തുക 473932 അളവ് പുസ്തകം 14/18-19<br><br>കരാറുകാരൻ. ശ്രീ.ശിവദാസൻ. E. | 9479 |
| പുഴക്കര സി.കെ റോഡ് കോൺക്രീറ്റ് (53/19)<br><br>ബിൽ 23/11.12.18 തുക 399895 അളവ് പുസ്തകം 11/18-19<br><br>ശ്രീ.PS കുമാരൻ | 7998 |
| വാട്ടർ ടാങ്ക് റോഡ് കോൺക്രീറ്റ് (56/19)<br><br>ചെക്ക് 103916/7.12.2018 തുക 349836<br><br>കരാറുകാരൻ. ശ്രീ..പി.എസ്. കുമാരൻ | 6997 |
| ചിറ്റിലക്കോട് റോഡ് കോൺക്രീറ്റ് (59/19)<br><br>ചെക്ക് 1652356/26.12.2018 തുക 403050 അളവ് പുസ്തകം 3/18-19<br><br>കരാറുകാരൻ. ശ്രീ.ശ്രീ.ശിവദാസൻ. E. | 8061 |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 9 /13.2.2020 നൽകിയതിന്, ബന്ധപ്പെട്ട കരാറുകാർക്ക് തുക അടവാക്കണമെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. 2ശതമാനം GST അടവാക്കിയതിന്റെ രേഖകൾ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-22 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അംഗീകൃത പാടശേഖര സമിതികൾക്ക് പെട്ടിപ്പറയ്ക്കുള്ള മോട്ടോർ

# നല്കൽ-396952/-രൂപ തടസ്സം ചെയ്യുന്നു.

ജി.ഒ(എം.എസ്)22/2018 ത.സ്വ.ഭ.വ. തിയ്യതി 14.02.2018 പ്രകാരം നെൽകൃഷി ജലസേചനത്തിന് പാടശേഖര സമിതികൾക്ക് പെട്ടിയും പറയും മോട്ടോറും നല്കുന്നതിന് പ്രോജക്ട് തയ്യാറേക്കണ്ടത് ബ്ലോക്ക് പഞ്ചായത്താണ്. ഇതിന് വിരുദ്ധമായി വെളിയങ്കോട് പഞ്ചായത്ത് വികസന ഫണ്ട് ഉപയോഗിച്ച് കൃഷി ഓഫീസർ പാടശേഖര സമിതികൾക്ക് പെട്ടിപറക്കുള്ള മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നല്കി. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 93/18-19 |
| പ്രോജക്ടിന്റെ പേര് | അംഗീകൃത പാടശേഖര സമിതികൾക്ക് പെട്ടിപ്പറയുള്ള മോട്ടോർ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി ലെമിന,<br>കൃഷി ഓഫീസർ |
| അടങ്കൽ | 396956 |
| ചെലവഴിച്ച തുക | 396952/- (വികസന ഫണ്ട്)<br>ട്രഷറി ബിൽ നം. 4/2018-19 തിയ്യതി 07.01.2019 |

മേൽപദ്ധതി പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങി പാടശേഖര സമിതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇന വിവരം | തുക | പാടശേഖര സമിതികളുടെ പേര് |
|---|---|---|---|
| 01 | Kerala Agro Industries Corporation LTD (Invoice No. W-122/18-19 dated 12.12.2018)<br>Kirloskar 30H.P.Slipring Motor | 236000 | അരോടി കോൾപ്പടവ് പാടശേഖര സമിതി |
| 02 | RAIDCO LTD<br>(Invoice No. EDPL/312/2018-19 dated 21.11.2018)<br>Cubical type Panel Board for 60 H.P. for Slipring motor and accessories and installation charges | 160952 | നരണിപുഴ കുമ്മിപാലം കോൾപ്പടവ് പാടശേഖര സമിതി |
| | ആകെ | 396952 | |

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അംഗീകൃത പാടശേഖര സമിതികൾക്ക് പെട്ടിപ്പറയുള്ള മോട്ടോർ വാങ്ങി നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്. എൻക്വയറി നമ്പർ 12 തീയതി 13-02-2020ന്

മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 സമഗ്ര തെങ്ങുകൃഷി വികസനം-അപാകതകൾ-25620/-രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 22/18-19 |
| പ്രോജക്ടിന്റെ പേര് | സമഗ്ര തെങ്ങു കൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി ലെമിന,<br>കൃഷി ഓഫീസർ |
| അടങ്കൽ | 2600000 |
| ചെലവഴിച്ച തുക | 1292595- (വികസന ഫണ്ട്) |

രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുവാൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കേര കർഷകൾക്ക് സാമ്പത്തിക സഹായം നല്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. മേൽ പദ്ധതിയിലും ചെലവു പത്രികയിലും ഗുണഭോക്തൃ വിഹിതം പരാമർശിക്കുന്നില്ല. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ താഴെപ്പറയുന്ന ഏതാനും ട്രഷറി ബില്ലുകളോടൊപ്പം ഉള്ളടക്കം ചെയ്ത പത്രികയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതായി കാണുന്നു. വിശദ വിവരം താഴെ നല്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം./<br>തിയ്യതി | തുക | ഗുണഭോക്തൃ വിഹിതം |
|---|---|---|---|
| 01 | 4/18-19/11.03.19 | 168124 | 3876 |
| 02 | 5/18-19/11.03.19 | 485029 | 10971 |
| 03 | 6/18-19/11.03.19 | 187554 | 4446 |
| 04 | 9/18-19/22.03.19 | 25340 | |
| 05 | 10/18-19/23.03.19 | 49875 | |
| 06 | 11/18-19/26.03.19 | 376673 | 6327 |
| | ആകെ | 1292595 | 25620 |

ഗുണഭോക്തൃ വിഹിതമായി ലഭിച്ച 25620/-രൂപ പഞ്ചായത്തിൽ അടവാക്കിയതിന്റെ രശീതി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തെങ്ങു വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈ നട്ടതിന്റെ വിശദ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃ വിഹിതത്തിന്റെ വിനിയോഗ വിവരവും തെങ്ങു വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈ നട്ടതിന്റെ വിശദവിവരവും 15.02.2020ന് മുമ്പായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയിറി നം.13 തിയ്യതി 13.02.2020ന് മറുപടി ലഭ്യമായില്ല. ആയതിനാൽ 25620/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ഫലവൃക്ഷത്തൈ വിതരണം-ഗുണഭോക്താക്കളുടെ അപേക്ഷ ലഭ്യമല്ല.

താഴെ പറയുന്ന പ്രോജക്ട് പ്രകാരം 217 പേർക്ക് ഫലവൃക്ഷത്തൈ വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 24/18-19 |
| പ്രോജക്ടിന്റെ പേര് | ഫലവൃക്ഷത്തൈ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി ലെമിന,<br>കൃഷി ഓഫീസർ |
| അടങ്കൽ | 266667 |
| ചെലവഴിച്ച തുക | 247610/-<br>185240(വികസന ഫണ്ട്)<br>62370/- ഗുണഭോക്തൃവിഹിതം |
| വികസന ഫണ്ട് | 77500/- (Try.Bill 2/18-19/14.12.2018)<br>69300/- (Try.Bill 3/18-19/14.01.2019)<br>38440/- (Try.Bill 7/18-19/22.03.19)<br>185240<br>===== |
| ഗുണഭോക്തൃവിഹിതം | 26250/- (Cheque No. 1883680/18.01.2019)<br>23100/- (Cheque No. 2445914/30.01.2019)<br>13020/- (Cheque No. 2354148/02.03.2019)<br>62370<br>==== |

ഫലവൃക്ഷത്തൈ വാങ്ങിയതിന്റെ വിവരം

മേൽ പ്രോജക്ട് പ്രകാരം 297 പേർക്ക് 247610/-രൂപയുടെ വൃക്ഷത്തൈ KAICO, വണ്ടൂരിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം. | തിയ്യതി | തുക |
|---|---|---|---|
| 01 | W-078/18-19 | 13.11.18 | 103750 |
| 02 | W-134/18-19 | 15.12.18 | 92400 |
| 03 | WE-300/18-19 | 22.02.19 | 51460 |

| | | | |
|---|---|---|---|
| | | ആകെ | 247610 |

മേൽ പ്രൊജക്ട് പ്രകാരം 297 പേരിൽ നിന്നും 210/-രൂപ നിരക്കിൽ ആകെ 62370/-രൂപ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുണ്ട്.( Receipt Book No. 13985,13986,13987) ഫലവൃക്ഷത്തൈ വിതരണം ചെയ്തതിന്റെ ഗുണഭോക്തൃലിസ്റ്റും, ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കിയതിന്റെ രശീതിയും, ചെലവു രേഖകളും ഹാജരാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 14 തിയ്യതി 13.02.3020ന് മറുപടി ലഭ്യമായിട്ടില്ല).

# 1-25 സമഗ്ര നെൽകൃഷി വികസനം-അപാകതകൾ-

കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്യുക,നെല്ലുത്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ പഞ്ചായത്ത് വിഭാവനം ചെയ്തതാണ് സമഗ്ര നെൽകൃഷി വികസം പദ്ധതി. മേൽ പദ്ധതിയുടെ വിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 89/- 18-19 |
| പ്രോജക്ടിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി ലെമിന,<br>കൃഷി ഓഫീസർ |
| അടങ്കൽ | 2021120/- |
| ചെലവഴിച്ച തുക | 1028095/-<br>828095-(വികസന ഫണ്ട്)<br>258000/-<br>(Try.Bill No. 1/18-19 dated 08.11.2018)<br>570095/-<br>(Try.Bill No. 8/18-19 dated 26.03.2019)<br>200000/- (ബ്ലോക്ക് വിഹിതം)<br>(ചെക്ക് നം. 2354149/21.03.2019) |

<u>പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ</u>

മേൽ പദ്ധതിക്കായി നെൽവിത്ത് വാങ്ങാനായി 258000/-രൂപയും കൂലിചെലവായി 770095/-( 570095/-വികസന ഫണ്ട്+ബ്ലോക്ക് വിഹിതം200000)രൂപയും അടക്കം 1028095/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്യുന്നു കരമടച്ച രശീതിയില്ലാത്തതിനാൽ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല. കർഷകർ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം കൃഷിഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താകൾ സമർപ്പിച്ച അപേക്ഷയിൽ കാണുന്ന വിസ്തീർണ്ണത്തിന് ആനുപാതികമായാണ് ധനസഹായം നല്കുന്നത്. പ്രോജക്റ്റ്

ലക്ഷ്യപ്രാപ്തിയിൽ എത്തിയോ എന്ന് മോണിറ്ററിംഗ് നടത്തിയിട്ടില്ല. മാത്രവുമല്ല ഇതിനും പുറമെ പഞ്ചായത്ത് 78500/-രൂപ നെൽകൃഷി ഉത്പാദന ബോണസ്സായി കർഷകർക്ക് നല്കിയിട്ടുമുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

# 1-26 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 63 പദ്ധതികൾ തയ്യാറാക്കിയതിൽ 46 പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. വിഭാവനം ചെയ്ത പദ്ധതികളിൽ 73.16% ശതമാനം പദ്ധതികളാണ് നടപ്പാക്കിയത്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 16 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. അവയിൽ ഒരു പ്രൊജക്ട് ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 63 | ആകെ അടങ്കൽ | 20017210 |
| നടപ്പിലാക്കിയത് | 46 | ചെലവ് | 13204482 |
| ശതമാനം | 73.16 | ചെലവ് ശതമാനം | 65.97 |

1 .വികസന സ്റ്റാന്റിങ് കമ്മിറ്റി

2018-19 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസന സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 15 തവണയാണ്. സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല.

2018-19 വർഷത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ കേവലം ചടങ്ങുകൾ മാത്രമായി അവസാനിച്ചിരിക്കുകയാണ്. 18-19 വർഷത്തെ പ്രൊജക്ട് രൂപീകരണവുമായി ചേർന്ന 3.1.2018, 5.11.2018 എന്നീ തീയ്യതികളിലെ യോഗത്തിന്റെ മിനുട്സ് ഉത്തവാദിത്തപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 8.3.2018 ലെ യോഗത്തിന്റെ മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത 3 പേരുടെ ഒപ്പ് മാത്രമാണുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

2.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ്

കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

3.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

2.ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. പ്രവൃത്തി പൂർത്തീകരിച്ചാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

4.ടെണ്ടർ നടപടികളിൽ സുതാര്യതയില്ല.

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്. മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും അപരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2018-19 വർഷത്തിൽ ആകെ പതിനൊന്നിലധികം കരാറുകാർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും എല്ലാ പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതിൽ നിന്നും കരാറുകാർ പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതിനായി അന്യായമായി സംഘംചേർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്. ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതിനെ കുറിച്ചും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവ: നിർദ്ദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കൽ- ക്യാമ്പിൽ പങ്കെടുത്ത മെഡിക്കൽ ഓഫീസർമാർക്ക് ഹോണറേറിയമായി 19000/-രൂപ നല്കിയത് തടസ്സപ്പെടുത്തുന്നു.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ നല്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 135/18-19 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | 600000 |
| ചെലവഴിച്ച തുക | 428247 (വികസന ഫണ്ട്)<br>Bill No.01/18-19 dated08.06.18 |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കൽ എന്ന പദ്ധതിയിൽ ക്യാമ്പിൽ പങ്കെടുത്ത താഴെപ്പറയുന്ന ഗവൺമെന്റ് മെഡിക്കൽ ഒാഫീസർമാർക്ക് ഹോണറേറിയമായി 19000/-രൂപ നല്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | നല്കിയതുക |
|---|---|---|
| 1 | ഡോ.സുബീർ ഹുസൈൻ | 2000 |
| 2 | ഡോ.സന്ദീപ് | 2000 |
| 3 | ഡോ.അഖിൽ പി സജി | 2000 |
| 4 | ഡോ. പവൻദാസ് | 1000 |
| 5 | ഡോ.സാലിഹ് എം.പി | 1000 |
| 6 | ഡോ.അഖിൽ പി സജി | 2000 |
| 7 | ഡോ.മിഷേൽ | 1000 |
| 8 | ഡോ. പവൻദാസ് | 1000 |
| 9 | ഡോ.സുബീർ ഹുസൈൻ | 2000 |
| 10 | ഡോ. ഉമ്മർ ഷരീഫ് | 2000 |
| 11 | ഷിജിനി കബീർ | 3000 |
| | ആകെ | 19000 |

ജി.ഒ(എം.എസ്) 22/2019 ത.സ്വ.ഭ.വ. തിയ്യതി 14.02.2018 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നല്കൽ- ക്യാമ്പിൽ പങ്കെടുത്ത മെഡിക്കൽ ഒാഫീസർമാർക്ക് ഹോണറേറിയം നല്കാൻ വ്യവസ്ഥയില്ല. മാത്രവുമല്ല ഖണ്ഡിക 7.1.4(4) പ്രകാരം I.C.D.S.സൂപ്പർവൈസറാണ് ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടപ്പിലാക്കേണ്ടത്. (ഒാഡിറ്റ് അന്വേഷണം 18/25-02-20) മെഡിക്കൽ ഓഫീസർ തന്ന മറുപടിയിൽ യാത്രാ റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവിനാണ് 19000/-രൂപ നൽകിയതെന്ന് പറയുന്നു. എന്നാൽ ലഭ്യമാക്കിയ രശീതിയിൽ ഹോണറേറിയം എന്നാണ് എഴുതിയിരിക്കുന്നത്.ആയതിനാൽ തുക 19000/-രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം.തിയ്യതി |
|---|---|---|
| 2018-19 | 22-07-2019 മുതൽ 23-7-19 വരെ | നം.കെ.എസ്.എ.എം.പി.എം.9/ 1963/19<br>തീയ്യതി: 24-08-2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | മുൻവർഷം | തൻവർഷം | | | |
| ബ്ലോക്ക് പഞ്ചായത്ത് | 00 | 200000 | സമഗ്ര നെൽകൃഷി വികസനം | 200000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 00 | 500000 | ലൈഫ് മിഷൻ/പി.എം.എ.വൈ. വിഹിതം | 500000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 00 | 200000 | ശാരീരീക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 121000 | 00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം തയ്യാറാക്കൽ | 00 | 121000 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം തയ്യാറാക്കൽ | 00 | 100000 |
| ആകെ | 1121000 | | | 900000 | 221000 |
| ജില്ലാ പഞ്ചായത്ത് | 00 | 3660480 | ലൈഫ് മിഷൻ/പി.എം.എ.വൈ. വിഹിതം | 3660480 | 00 |
| | 00 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 00 |
| ആകെ | | 3860480 | | 3860480 | 00 |

ബ്ലോക്ക് പഞ്ചായത്തിലെ ചെലവഴിക്കാത്ത തുക തിരികെ ബ്ലോക്ക് ഫണ്ടിൽ അടവാക്കേണ്ടതാണ്.

*എ.എഫ്.എസ്. പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000/-രൂപയാണ് വരവുള്ളത്.

** എ.എഫ്.എസ്. പ്രകാരം 4360480രൂപയാണ്. എന്നാൽ സുലേഖ പ്രകാരം 3860480/-രൂപാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ | No.21800934 | 2020000 Tr. bill No.15/13-11-18 | ലഭ്യമല്ല | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | ഇൻസ്റ്റാലാക്ഷൻ ഓഫ് സ്ട്രീറ്റ് മെയിൻ | No.21800899 | 345712<br>330290(Tr. bill No.11/19-7-18)<br>15422(3/27-2-19) | ലഭ്യമല്ല | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | LIFE-KURDFC | G.O(MS)27/2019/LSGD dated 22.02.2019 | 14071432 | 0 | 0 | 0 | 14071432 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തിയ്യതി |
|---|---|---|---|---|
| 2016-17 | Para-3 | 500 | Mubarak and Suresh varier | 118030100068/<br>07.04.18 |
| 1969-70 | Para-9,12a(2) | 551 | Secretary | 18030100386/ |

| | | | | |
|---|---|---|---|---|
| | | | | 23.04.18 |
| 1975-76 | Para- | 69 | Secretary | 18030100387/<br>23.04.18 |
| 1972-73 | Para-9 | 41 | Secretary | 18030100388/<br>23.04.18 |
| 1977-78 | Para-35 | 177 | Secretary | 18030100389/<br>23.04.18 |
| 1985-86 | Para-16,35,38 | 126 | Secretary | 18030100390/<br>23.04.18 |
| 1971-72 | Para-25(m) (f) | 357 | Secretary | 18030100391/<br>23.04.18 |
| 1985-86 | Para-8(a) 10 | 86 | Secretary | 18030100392/<br>23.04.18 |
| 1971-72 | Para-19 | 117 | Secretary | 18030100405/<br>24.04.18 |
| | ആകെ | 2024 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 97-98 | 31 | 2003-04 | വീട് നിർമാണം 21000/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 98-99 | 37 | 2003-04 | തണ്ണിത്തുറ ബദർ പള്ളി റോഡ് -12452/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 99-00 | 43 | 2003-04 | മാസ്റ്റർപടി – കാവിൽ റോഡ് 23862/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2014-15 | 2(2)<br>2(3) | 2016-17 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2(2) | 2016-17 | തൊഴിൽ നികുതി പിരിവ് | നിയമസഭാസമിതിയുടെ |

| | | | | |
|---|---|---|---|---|
| | | | അപാകതകൾ | പരിഗണനയിൽ |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 1998-99 | 37,38 | ശ്രീമതി. പി വള്ളി ജൂനിയർ സൂപ്രണ്ട് | LF 8739/ Spl.cell/ SC/ 5/04 12.7.05 | 84559 | | | 84559 | | | | Op 116/05 Disposed |
| 2 | 2001-02 | 32,33, 34,35, 36 | ശ്രീ. ഉസമാൻ | LF 2984/ Spl.cell/ SC 5/05 23.5.07 | 71205 | | 71209 OP filed | -- | -- | | 71209 | OP206/07 Allowed 30-6-15 |
| 3 | 2003-04 | 3-12 | ശ്രീ. കെ സോമൻ | LF 15462/ Spl.cell/ SC5/ 0817. 6.09/ 22.6.09 | 11019 | 11019/- അടച്ച രസീത് നം. 72/5044/ 27.8.09 | | | | 11019 | ൦ | |
| 4 | 2008-09 | 3-1 | ശ്രീ. എം.എൻ സജിത്ത് , AE | LF 10422/ Spl.cell/ SCD1/12 27.9.14 | 5205 | | 5205 | | | | 5205 | OP 241/14 Disposed.Allowed 16-12-17 |
| 5 | 2000-01 | 29(1)(2) 30(1)31 | ശ്രീ. കെ സോമസുന്ദരം, സെക്രട്ടറി | LF 29090/ Sp. Cell/ Sc5/ 05/ 26.2.09 | 7475 | Rs 475 (Rt 2/5034 /23. 05.09) | | | | 475 | 7000 | |
| 6 | 1999-00 | 36,37, 39,40, 42,43 | ശ്രീ. കെ സോമസുന്ദരം, സെക്രട്ടറി | LF23195/ Sp. Cell/Sc5/ 04/ 12.12.06 | 152302 | | | 152302 | | | 152302 | OP 26/09 Allowed 1-8-17 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 12750791 |
| വരവ് | | 86093739 |
| ആകെ | | 98844530 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79969802 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 736167 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

(സി).ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15(2) | 95000 | ശ്രീമതി ഫസീല.ടി.പി., ഹെഡ്മിസ്ട്രസ് |
| 1-15(3) | 199595 | ശ്രീമതി ഫസീല.ടി.പി., ഹെഡ്മിസ്ട്രസ് |
| 1-22 | 396952 | ശ്രീമതി ലെമിന,കൃഷി ഓഫീസർ |
| 1-23 | 25620 | ശ്രീമതി ലെമിന,കൃഷി ഓഫീസർ |
| 1-27 | 19000 | ഡോ.ഷാരിജ കെ.പി.ഷരീഫ്,മെഡിക്കൽ ഓഫീസർ |
| | 736167 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| 1-12,1-13 | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലെമിന,കൃഷി ഓഫീസർ | | എള്ളുപറമ്പിൽ വീട്, പെരുമ്പടപ്പ്.പി.ഒ., മലപ്പുറം |
| ഡോ.ഷാരിജ കെ.പി.ഷരീഫ്, മെഡിക്കൽ ഓഫീസർ | | ഹാവി ഹോം, കോട്ടക്കൽ പി.ഒ., തിരൂർ |

.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപ്പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83 | എൽ.എഫ്.എം/09/265/87 തിയ്യതി 19.12.1996 | 22 |
| 1983-84 | എൽ.എഫ്.എം/09/108/84 തിയ്യതി 12.72.1997 | 44 |
| 1984-85 | എൽ.എഫ്.എം/09/510/90 തിയ്യതി 19.01.1999 | 33 |
| 1986-87<br>1987-88 | എൽ.എഫ്.എം/09/1679/92 തിയ്യതി 08.12.1992 | 27 |
| 1988-89<br>1989-90 | എൽ.എഫ്.എം/08/209/95 തിയ്യതി 08.08.1996 | 10 |
| 1990-91 | എൽ.എഫ്.എം/09/1568/93 തിയ്യതി 26.07.1993 | 09 |
| 1991-92 | എൽ.എഫ്.എം/09/211/93 തിയ്യതി 26.07.1993 | 17 |
| 1992-93 | എൽ.എഫ്.എം/08/1568/95 തിയ്യതി 13.09.1995 | 07 |
| 1993-94<br>1994-95 | എൽ.എഫ്.എം/14/1456/99 തിയ്യതി 07.12.2000 | 06 |
| 1995-96 | എൽ.എഫ്.എം/04/889/01 തിയ്യതി 05.07.2003 | 04 |
| 1996-97 | എൽ.എഫ്.എം/04/88/01 തിയ്യതി 07.11.2003 | 07 |
| 1997-98 | എൽ.എഫ്.എം/14/604/02 തിയ്യതി 05.06.2003 | 05 |
| 1999-00 | എൽ.എഫ്.എം/09/1328/02 തിയ്യതി 03.11.2003 | 06 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.എം/04/1329/02 തിയ്യതി 22.06.2003 | 15 |
| 2001-02 | എൽ.എഫ്.എം/04/829/03 തിയ്യതി 23.03.2004 | 16 |
| 2002-03 | എൽ.എഫ്.എം/04/1830/03 തിയ്യതി 23.03.2004 | 09 |
| 2003-04 | എൽ.എഫ്.എം/09/1632/04 തിയ്യതി 27.04.2005 | 13 |
| 2004-05 | എൽ.എഫ്.എം/09/1631/05 തിയ്യതി 27.03.2006 | 16 |
| 2005-06 | എൽ.എഫ്.എം/15/26/04 തിയ്യതി 24.04.2009 | 17 |
| 2006-07 | എൽ.എഫ്.എം/15/245/10 തിയ്യതി 02.08.2010 | 20 |
| 2007-08 | എൽ.എഫ്.എം/18/512/11 തിയ്യതി 02.05.2011 | 19 |
| 2008-09 | എൽ.എഫ്.എം/18/513/11 തിയ്യതി 02.05.2011 | 17 |
| 2009-10<br>2010-11 | എൽ.എഫ്.എം/24/33/2014 തിയ്യതി 17.02.2014 | 14 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം28/ 1419 /2016 തിയ്യതി 29-08-16 | 11 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം28/2067/2016 തിയ്യതി 19-11-16 | 9 |
| 2015-16 | കെ.എസ്.എ.എം.പി.എം 28/206/2017 തിയ്യതി 30.08.2018 | 20 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.9/2021/2017 തിയ്യതി 26.07.2018 | 34 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.9/446/2019 തിയ്യതി 29-07-2019 | 29 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)
സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം9/416/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in


തീയ്യതി 09-03-2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215 (6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെളിയങ്കോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം